# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2569. 09-05-2017 ൽ മറുപടിയ്ക്ക്

## തരിശുഭൂമി കൃഷിയോഗ്യമാക്കാൻ സ്വീകരിച്ച നടപടികൾ

**ചോദ്യം**
ശ്രീ.പി.കെ. ശശി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2007-08-ൽ നെൽകൃഷിയുടെ വിസ്തീർണ്ണം എത്ര എന്നും ആയത് 2015-16 ൽ എത്ര എന്നും എത്ര ഹെക്ടറിന്റെ കുറവുണ്ടായി എന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഹെക്ടറിന്റെ വർദ്ധനവുണ്ടായി എന്നും വ്യക്തമാക്കുമോ; | (എ) | 2007-2008-ൽ സംസ്ഥാനത്ത് 2,28,938 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 2015-16-ൽ 1,96,830 ഹെക്ടറായി കുറഞ്ഞിരുന്നു. 32,068 ഹെക്ടറിന്റെ കുറവാണ് ടി കാലയളവിൽ ഉണ്ടായത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും, അതിൻപ്രകാരം 2,02,444 ഹെക്ടറിൽ 2016-17 വർഷം നെൽകൃഷി ആരംഭിച്ചിരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ ഭരണകാലത്ത് തരിശായിക്കിടന്ന കൃഷിഭൂമി എത്ര എന്നും ഇവയിൽ എത്ര ഹെക്ടർ മറ്റാവശ്യങ്ങൾക്കുപയോഗിച്ചുവെന്നും തരിശുഭൂമി കൃഷിയോഗ്യമാക്കാൻ എന്തു നടപടി കൈക്കൊണ്ടുവെന്നും വിശദമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്താകെ 36686.772 ഹെക്ടർ തരിശുഭൂമിയാണ് ഉണ്ടായിരുന്നത്. ഗൃഹനിർമ്മാണത്തിന് 1379.887 ഹെക്ടർ നെൽവയൽ ടി കാലയളവിൽ നികത്തുകയുണ്ടായി. 2011-16 കാലഘട്ടത്തിൽ തരിശുനില നെൽകൃഷി നടപ്പിലാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു. |
| (സി) | 2007-08-ൽ നെല്ലുല്പാദനം എത്രയായിരുന്നു; ഇത് 2015-16 ൽ എത്ര; നിലവിൽ | (സി) | സംസ്ഥാനത്തെ നെല്ലുല്പാദനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 2011-12 | 2515.902 ഹെക്ടർ |
| 2012-13 | 1373.36 ഹെക്ടർ |
| 2013-14 | 1903.952 ഹെക്ടർ |
| 2014-15 | 1805.802 ഹെക്ടർ |
| 2015-16 | 1292.01 ഹെക്ടർ |

<table>
<tr><td></td><td>എത്ര (2016-17) എന്നും വ്യക്തമാക്കാമോ:</td><td></td><td><table><tr><td>2007-08</td><td>5,28.488 ടൺ</td></tr><tr><td>2015-16</td><td>5,49.275 ടൺ</td></tr><tr><td>2016-17</td><td>ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് ലഭ്യമായിട്ടില്ല.</td></tr></table></td></tr>
<tr><td>(ഡി)</td><td>ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര ഏക്കർ തരിശുനിലം, കരനിലം, ഒരുപ്പൂനിലം, ഇരുപ്പൂനിലം എന്നിവകളിൽ അധിക നെൽകൃഷി നടന്നു; ഇതുവഴി എത്ര അളവ് ഉല്പാദനം ഉണ്ടാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;</td><td>(ഡി)</td><td>2016-17 വർഷം തരിശുനിലം, കരനിലം. ഒരുപ്പൂനിലം, എന്നിവ നെൽകൃഷിയ്ക്കായി ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<table><tr><td>തരിശുനില കൃഷി</td><td>2782.3857 ഹെക്ടർ</td></tr><tr><td>കരനെൽകൃഷി</td><td>2743.2237 ഹെക്ടർ</td></tr><tr><td>ഒരുപ്പൂ, ഇരുപ്പൂ കൃഷിയാക്കിയത്</td><td>88.45 ഹെക്ടർ</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ